LIBRARY ARCHIVES Kerala Legislative Assembly

നഷ്ടത്തിലാകുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

171 (4753) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ 30 എണ്ണവും നഷ്ടത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ചവറയിലെ കേരള മിനിറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് പോലും ഇന്ന് നഷ്ടത്തിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സർക്കാരിന്റെ പിടിപ്പുകേടു കൊണ്ടാണെന്ന് കരുതുന്നുണ്ടോ ; വിശദീകരണം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഓഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിൽ പതിനാല് പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. 30 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് 2014-15-ൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷം ആഗോള വിപണിയിൽനിന്നും നേരിട്ട കടുത്ത മത്സരത്തെത്തുടർന്നുണ്ടായ വിലത്തകർച്ചയും ചില സാങ്കേതിക കാരണങ്ങളാൽ ഉല്പാദനം, നിർത്തിവയ്ക്കേണ്ടിവന്നതുമാണ് KMML-ന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്.

വാതക വിതരണത്തിനുള്ള പൈപ്പ്‌ലൈൻ

172 (4754) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാതക വിതരണത്തിനുള്ള പൈപ്പ് ലൈൻ നിർമ്മാണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.